ഒരു ആശുപത്രിയായിരുന്നു അത്. ഇപ്പോൾ വെറും രണ്ടു ഡോക്ടർമാർ മാത്രമാണുള്ളത്. ദിവസവും എഴുന്നൂറോളം പേർ ചികിത്സയ്ക്കെത്തുന്ന ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് അത്. ഇപ്പോൾ രാവിലെ മുതൽ ഒരു മണിവരെയാണ് ഒ.പി.യുള്ളത്. പത്തറുന്നൂറ് രോഗികൾ അവിടെ ദിവസവും വരുമ്പോൾ അവിടെയുള്ള സ്ഥിരം ഡോക്ടർമാരും വരുന്ന രോഗികളുമായി വലിയ തർക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവിടെ ആവശ്യമുള്ള ഡോക്ടർമാരെ നിയമിക്കണം. അവിടെ മിക്കവാറും എല്ലാ സൗകര്യങ്ങളും ഉണ്ട്. എക്സ്റേ സൗകര്യമുണ്ട്. ആമ്പുലൻസ് സർവ്വീസുണ്ട്. 108-ാം നമ്പർ ആമ്പുലൻസ് സർവ്വീസ് ഉണ്ട്. മോർച്ചറി സർവ്വീസ് വരാൻ പോകുന്നു. ഇങ്ങനെ വളരെ നന്നായിട്ട് പോകുന്ന ഈ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അനുവദിച്ച് ഫസ്റ്റ് റെഫറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കേശവപുരം സി.എച്ച്.സി. യിൽ രണ്ട് സിവിൽ സർജൻമാരുടേയും നാല് അസിസ്റ്റന്റ് സർജൻമാരുടേയും ഉൾപ്പെടെ ആറ് ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. പക്ഷെ കഴിഞ്ഞ രണ്ടുവർഷമായി ഇവിടെ ഈ ആറ് ഡോക്ടർമാരും അഡീഷണലായി രണ്ടു ഡോക്ടർമാരും ഉൾപ്പെടെ 8 ഡോക്ടർമാരുടെ സേവനം കൊടുത്തുകൊണ്ടിരിക്കുന്നതിനിടയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അവിടെനിന്ന് സ്ഥലംമാറിപ്പോയിട്ടുണ്ട്. അതിന് പകരം പോസ്റ്റ് ചെയ്ത ആളുകൾ ജോയിൻ ചെയ്യാത്ത സന്ദർഭത്തിൽ അവിടെ കൂടുതൽ ഡോക്ടേഴ്സിനേയും മൂന്ന് ഹൗസ് സർജൻസി കഴിഞ്ഞിട്ടുള്ളവരേയും തുടർച്ചയായി പോസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി എല്ലാ സ്റ്റാഫും കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജോലി ചെയ്യുന്നുണ്ട്. സർവ്വീസിലുള്ള ഡോക്ടേഴ്സിനെ കിട്ടുന്നില്ല എന്നുമാത്രമേയുള്ളൂ. ബാക്കി എല്ലാ ഡോക്ടേഴ്സും അവിടെ വർക്ക് ചെയ്യുന്നുണ്ട്.

(14) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. എ. എം. യൂസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നല്ല വരുമാനമുള്ള രണ്ടു നഗരസഭകളാണ് കളമശ്ശേരിയും ആലുവയും. ഈ രണ്ടു നഗരസഭകളിലും ശുചീകരണ പ്രവർത്തനം, ഡ്രൈവർമാർ തുടങ്ങി പല വിഭാഗങ്ങളിലും കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തോളമായി താൽക്കാലിക ജീവനക്കാരെ വച്ചിരിക്കുകയാണ്. ആ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള വരുമാനം ഈ രണ്ടു നഗരസഭകൾക്കുമുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കണ്ടിജൻസി

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരെ ആവശ്യമുള്ള ഈ സന്ദർഭത്തിൽ ഈ നഗരസഭകളിൽ ഇവരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഇവർ വളരെ പാവപ്പെട്ടവരും ദുരിതം അനുഭവിക്കുന്നവരുമാണ്. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, നഗരസഭകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെയും ദിവസക്കൂലി അടിസ്ഥാനത്തിൽ 31-12-2000-വരെ നിയമിച്ചിരുന്ന ജീവനക്കാരെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 2001 മാർച്ചിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ വ്യവസ്ഥകൾ പ്രകാരം കളമശ്ശേരി നഗരസഭയിൽ 1995 മുതൽ ജോലി ചെയ്തിരുന്ന 28 താൽക്കാലിക ജീവനക്കാരെ പകരം തൊഴിലാളികളായി അംഗീകരിക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന് നഗരസഭാ ഡയറക്ടർ അംഗീകാരം നൽകുകയും ടി ജീവനക്കാരെ കണ്ടിജന്റ് വിഭാഗത്തിൽ പകരം തൊഴിലാളികളായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആലുവാ നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും 12-7-2010-ൽ നിലവിലുണ്ടായിരുന്ന 21 ഒഴിവുകളിൽ നിയമനം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ, റിപ്പോർട്ട് സമർപ്പണം

V റിപ്പോർട്ട് സമർപ്പണം

ശ്രീ. പി. ജയരാജൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ഓർഡർ....ഓർഡർ.....നിയമനിർമ്മാണകാര്യം.....

VI നിയമനിർമ്മാണകാര്യം

2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബില്ലിന്റെ അവതരണവും അനന്തരനടപടികളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly